# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(പി 4)1910/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം.(പി 4)1910/21 തീയ്യതി: 14/07/2022

## എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 18-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 18-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ ഓഡിറ്റ് ഓഫീസർ

ശ്രീമതി ടെസ്സി എം ഓഡിറ്റ് ഓഫീസർ

ശ്രീ സന്തോഷ് കുമാർ കെ.വി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ പ്രസാദ് പി.ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സന്തോഷ് കുമാർ എം സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി വൃന്ദ സി എസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെ.വൈ വർഗീസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ മുഹമ്മദ് സിറാജ് | സെക്രട്ടറി | 01-04-2019 | 02-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി ദീപ കെ.സി | സെക്രട്ടറി | 03-07-2019 | 14-07-2019 |
| ശ്രീമതി വിമല എ ജി | സെക്രട്ടറി | 15-07-2019 | 25-07-2019 |
| ശ്രീ ജയചന്ദ്രൻ കെ.കെ | സെക്രട്ടറി | 26-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദീപ കെ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 11-11-2019 |
| ശ്രീ അജിത് കുമാർ വി.എം | അസിസ്റ്റന്റ് സെക്രട്ടറി | 12-11-2019 | 31-03-2020 |
| ശ്രീമതി എ രാജശ്രീ | കൃഷി ഓഫീസർ | 01-04-2019 | 30-04-2019 |
| ശ്രീമതി ഗീത ആർ ചന്ദ്രൻ | കൃഷി ഓഫീസർ | 01-05-2019 | 09-06-2019 |
| ശ്രീമതി എ രാജശ്രീ | കൃഷി ഓഫീസർ | 10-06-2019 | 26-08-2019 |
| ശ്രീമതി ഗീത ആർ ചന്ദ്രൻ | കൃഷി ഓഫീസർ | 27-08-2019 | 03-10-2019 |
| ശ്രീമതി സ്വപ്ന ടി ആർ | കൃഷി ഓഫീസർ | 04-10-2019 | 31-03-2020 |
| ഡോ. പ്രിയ മാത്യു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി കെ.ജെ.ജോയ്സി | വിഇഒ കിടങ്ങൂർ | 01-04-2019 | 06-07-2019 |
| ശ്രീ റെജി ടി.ആർ | വിഇഒ കിടങ്ങൂർ | 07-06-2019<br>07-07-2019 | 11-10-2019<br>11-10-2019 |
| ശ്രീമതി അമ്പിളി കെ.എം | വിഇഒ കിടങ്ങൂർ | 12-10-2019 | 05-12-2019 |
| ശ്രീമതി ആനി സെബാസ്റ്റ്യൻ | വിഇഒ കിടങ്ങൂർ | 06-12-2019 | 31-03-2020 |
| ശ്രീസിമ്മി യു ബി | വിഇഒ തുറവൂർ | 01-04-2019 | 06-07-2019 |
| ശ്രീ റെജി ടി.ആർ | വിഇഒ തുറവൂർ | 07-07-2019 | 11-10-2019 |
| ശ്രീമതി അമ്പിളി കെ.എം | വിഇഒ തുറവൂർ | 12-10-2019 | 05-12-2019 |
| ശ്രീ റെജി ടി.ആർ | വിഇഒ തുറവൂർ | 06-12-2019 | 31-03-2020 |
| ഡോ. അരുൺ ബി കൃഷ്ണ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. സിനി ഇഗ്നേഷ്യസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി അനുപ്രിയ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 16-03-2020 |
| ശ്രീ അരുൺ കുമാർ കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-03-2020 | 31-03-2020 |
| ശ്രീ ഗോപകുമാർ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-06-2019 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-06-2019 | 07-08-2019 |
| ശ്രീ സുനിൽ കുമാർ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-08-2019 | 31-03-2020 |
| ശ്രീമതി റീന പി ടി | ഐസിഡിഎസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 20-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Prasad P G (Asst. Audit Officer, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-9 |
| 11 | ദുരിതാശ്വാസ നിധി<br>Written By: Tessy (Audit Officer, On 22-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-10 |
| 12 | സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ ക്യാൻസൽ ചെയ്തില്ല<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-11 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവുകൾ<br>Written By: Vrinda C S (Senior Grade Auditor, On 18-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 1-13 |
| 15 | ലൈസൻസ് ഫീ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-14 |
| 16 | പെർമിറ്റ് രജിസ്റ്റർ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-15 |
| 17 | OFC പോസ്റ്റുകളുടെ വാർഷിക വാടകയ്ക്ക് ജി എസ് ടി ഈടാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 20-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-16 |
| 18 | റോഡ് പ്രവൃത്തിയിൽ ലഭിച്ച മണ്ണ് ലേലം നടത്തി തുക വരവ് വച്ചിട്ടില്ല.<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 17-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-17 |
| 19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 21-12-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 14-07-2022) | |
| 20 | വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- കരാറുകാരന്റെ പിഴവ് മൂലം പൈപ്പ് പൊട്ടിയതിന് തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചു<br>Written By: Prasad P G (Asst. Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-19 |
| 21 | കറവപ്പശു വിതരണം (വനിത) – അനുവദനീയമായതിലും അധിക തുക നൽകി.<br>Written By: Dheeraj J (Audit Officer, On 21-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 1-20 |
| 22 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് നിയമനം<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 1-21 |
| 23 | ഹോമിയോ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 21-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 1-22 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കറവപ്പശു വിതരണം (വനിത) – അനുവദനീയമായതിലും അധിക തുക നൽകി.<br>Written By: Dheeraj J (Audit Officer, On 02-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 3-1 |
| 2 | വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- കരാറുകാരന്റെ പിഴവ് മൂലം പൈപ്പ് പൊട്ടിയതിന് തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചു<br>Written By: Dheeraj J (Audit Officer, On 03-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 17-12-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 16-12-2021)<br>Last Updated By: Joby George (Computer Assistant, On 14-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 17-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 17-12-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Santhosh Kumar M (Auditor, On 17-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Santhosh Kumar M (Auditor, On 18-12-2021)<br>Last Updated By: Vrinda C S (Senior Grade Auditor, On 11-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Santhosh Kumar M (Auditor, On 17-12-2021)<br>Last Updated By: Joby George (Computer Assistant, On 08-07-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 21.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിക്കുകയും പുതുക്കിയ ബജറ്റ് 24.02.2020 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 22674388.93 |
| വരവ് | 169675600.00 |
| ആകെ | 192349988.93 |
| ചെലവ് | 190276500.00 |
| നീക്കിയിരിപ്പ് | 2073488.93 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിലും ഖണ്ഡിക 1-3ൽ ചേർത്തിട്ടുള്ള ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളിലും വലിയ അന്തരം കാണുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യാഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 29.04.2020 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ഉറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക - ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) സാംഖ്യാ സോഫ്റ്റ്‌വെയറിൽ ഈ വിവരം ലഭ്യമല്ല എന്നാണ് അറിയിച്ചത്.

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2199116/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8710789/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യാ സോഫ്റ്റ്‌വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ നിലവിൽ അറിയിച്ചിട്ടുള്ളതാണ് . കൃത്യമായ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാംഖ്യാ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം&എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് നൽകിയ മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ഓരോ വർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

4) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡിസിബി സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പുവരുത്തുന്നില്ല. 43614/-രൂപ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിലും 26198/- രൂപ നോൺ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിലും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ ചെലവായി രേഖപ്പെടുത്തിയതായി കാണുന്നു. മുൻകാലങ്ങളിൽ അഡ്വാൻസ് ആയി ലഭിച്ച തുക ആവർഷങ്ങളിൽ തൻവർഷ കളക്ഷനായി രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ ജേണൽ എൻട്രി വരുത്തുന്നത് എന്നാണ് മറുപടി നൽകിയത്. ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. ഏത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്ന് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതാണ്.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ട്രഷറി സേവിങ്ങ് അക്കൌണ്ട് കൂടാതെ ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്ക്, എസ് ബി ഐ ഇ-പേയ്മെന്റ് എന്നീ അക്കൌണ്ടുകളിലും എറണാകുളം ഡിസ്ട്രിക്ട് സഹകരണ ബാങ്ക്, ഉറവൂർ സർവ്വീസ് സഹകരണ ബാങ്ക്, എന്നിങ്ങനെ നാല് അക്കൌണ്ടുകളിലാണ് നിക്ഷേപിക്കുന്നത്. കാലാകാലങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി അക്കൌണ്ടുകൾ ആവശ്യമായി വന്നതുകൊണ്ടാണ് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് എന്ന മറുപടി തൃപ്തികരമല്ല. പ്രത്യേക ആവശ്യത്തിനുള്ളതൊഴികെ തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നത് അഭികാമ്യമല്ല. ഇ-പേയ്മെന്റ് അക്കൌണ്ടിൽ ലഭിക്കുന്ന വരവും തനത് ഫണ്ടിന് മാത്രമായുള്ള അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് എല്ലാ തനത് ഫണ്ട് ചെലവുകളും ഈ അക്കൌണ്ടിൽ നിന്ന് മാത്രം നൽകുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

6) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 18 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 478350/- ആണെങ്കിലും അതിന്റെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 1044331/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. സാംഖ്യാ സോഫ്റ്റ്‌വെയറിൽ എല്ലാ ആസ്തികൾക്കും ഡിപ്രിസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതിന് കാരണമായി അറിയിച്ചത്. സാംഖ്യാ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരളമിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ബി-4 ഷെഡ്യൂളിൾ ബെനിഫിഷറി കോൺട്രിബ്യൂഷൻ എന്ന ഹെഡിൽ 54798/-നിലനിൽക്കുന്നുണ്ട് . ഈ തുക വർഷങ്ങളായി നിലനിൽക്കുന്നതായതിനാൽ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

8) വാർഷിക കണക്കുകളിലെ തുകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ പ്രകാരമുള്ള ഡിസിബി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട് എങ്കിലും അതിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.

9) വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ച് സമയാസമയങ്ങളിലും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 13-12-21 ലെ ഓഡിറ്റ് എൻക്വയറി നം 2 നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള മേൽ അപാകതകൾക്ക് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11360111.52 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60146375.00 |
| ആകെ | 71506486.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57947259.00 |
| നീക്കിയിരുപ്പ് | 13559227.52 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33315.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10859277 | 10859277 | 7591345 | 0 | 3267932 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4142176 | 4142176 | 3746579 | 0 | 395597 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 193000 | 193000 | 0 | 0 | 193000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17159000 | 17159000 | 10118550 | 0 | 7040450 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2735470 | 0 | 515530 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 7002726 | 7002726 | 3216417 | 0 | 3786309 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| ICDS- 320100121 | 739184 | 1391057 | 2130241 | 1511546 | 618695 | - |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320200309 സാക്ഷരത | 3690.64 | 816 | 4506.64 | 0 | 4506.64 | |
| 320 300 103 TSCസാനിറ്റേഷൻ | - | 275572 | 275572 | 158972 | 116600 | |
| 320 100 115 (PBIG) | 371400 | 0 | 371400 | 80000 | 291400 | |
| 320 300 199 വിമുക്തി | 37500 | 1113004 | 1150504 | 1145244 | 5260 | 0 |
| 311100199 ലൈഫ് മിഷൻ സംസ്ഥാനവിഹിതം | - | 1100000 | 1100000 | 1100000 | 0 | 0 |

1) വികസന ഫണ്ട് (ജനറൽ) -സോഴ്സ് ഡിഡക്ഷൻ- 627723/- രൂപ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 47690/-രൂപ.
2) വികസന ഫണ്ട് (എസ് സി പി) -സോഴ്സ് ഡിഡക്ഷൻ- 58824/- രൂപ, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 486579/-രൂപ.
3) ധനകാര്യ കമ്മീഷൻ അവാർഡ്- ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 684972/-രൂപ.
4) സംരക്ഷണ ഗ്രാന്റ് (റോഡിതരം)-ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - 199470/-രൂപ.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 159 | 97941707 | 149 | 43965952 | 51 | 10 | 98 | 61.63% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4,920 | 12,44,516 | 12,49,436 | 12,49,435 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 1,02,32,831 | 1,02,32,831 | 10,232,831 | - |
| ആകെ | 4,920 | 1,14,77,347 | 1,14,82,267 | 1,14,82,266 | 1 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 891600 | 152 |
| വിധവാപെൻഷൻ | 5310600 | 953 |
| വാർദ്ധക്യകാലപെൻഷൻ | 11679300 | 2206 |
| വികലാംഗപെൻഷൻ | 1634700 | 297 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 377400 | 70 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2021 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,981/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എല്ലാം ഏതാണ്ട് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കേസിന്റെ വിശദാംശങ്ങളും വക്കീൽ ഫീസ് നൽകിയതിന്റെ വിശദാംശങ്ങളും രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ഫയലുകൾ എല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി വൻതുകകൾ ഓരോ വർഷവും ചെലവാക്കുന്നുണ്ട്. വർഷം തോറും മെയിന്റനൻസ് നടത്തുന്നുണ്ടെങ്കിലും വീണ്ടും വീണ്ടും ഈയിനത്തിൽ തുകകൾ ചെലവാക്കേണ്ടിവരുന്ന സാഹചര്യത്തിൽ മെയിന്റനൻസ് നടത്തുന്നതിൽ ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.

## 1-10 ദുരിതാശ്വാസ നിധി

2003 -ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, അത്യാഹിതം, മാറാരോഗങ്ങൾ തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങാവുന്നതാണ്. തുറവൂർ പഞ്ചായത്തിൽ ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും വർഷങ്ങളായി ഇതിൽ വരവ് ചെലവുകൾ ഇല്ല.

## 1-11 സാംഖ്യയിൽ ക്യാൻസൽ ചെയ്ത രസീത് സഞ്ചയയിൽ ക്യാൻസൽ ചെയ്തില്ല

പഞ്ചായത്തിലെ സാംഖ്യ പ്രകാരമുള്ള റസീത് ക്യാൻസലേഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ.സണ്ണി ഇട്ടീര, മംഗലി വീട് (വീട്ടു നം. 3/4 ) എന്ന വ്യക്തിയുടെ 2019-20 സാമ്പത്തികവർഷത്തിലെ വസ്തു നികുതി 851 രൂപ രസീത് നം:119010106085 പ്രകാരം 07.03.2020 ൽ ക്യാഷ് കൗണ്ടറിൽ അടക്കുകയും അന്നേ ദിവസം സാംഖ്യയിൽ ക്യാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി തുക വരവ് വന്നതായാണ് രേഖപ്പെടുത്തിയിരിക്കുന്നത് .ടി രസീത് റദ്ദാക്കിയതിന്റെ കാരണം വ്യക്തമല്ല. രസീത് നം.120010100646 / തീ.30.06.2020 പ്രകാരം 2020-21 ലെ വസ്തു നികുതി 851 രൂപ അടച്ചിട്ടുണ്ട്. 2019-20 ലെ തുക അടച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അത് പിന്നീട് ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. .ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ യഥാർത്ഥത്തിൽ വരവില്ലാതെ നികുതി ഈടാക്കിയതായി കാണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നമ്പർ 4/14.12.2021 ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. സാംഖ്യയിൽ നിന്ന് ക്യാൻസൽ ചെയ്ത ടി രസീത് സഞ്ചയയിൽ നിന്ന് ക്യാൻസൽ ചെയ്ത് കെട്ടിട ഉടമയ്ക്ക് നികുതി അടക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ആയതിന്റെ കോപ്പിയും ഹാജരാക്കിയിട്ടുണ്ട്. തുക അടവാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം സാംഖ്യയിൽ ക്യാൻസൽ ചെയ്യുന്ന രസീതുകൾ അതേ സമയം തന്നെ സഞ്ചയയിലും ക്യാൻസൽ ചെയ്യപ്പെടുന്നില്ല എന്നത് ഗുരുതരമായ അപാകതയാണ്. ക്യാൻസൽഡ് റിപ്പോർട്ട് അതാത് ദിവസത്തെ ഡേ ബുക്കിനോടൊപ്പം എടുത്ത് സൂക്ഷിക്കുകയോ മേൽ പരിശോധനകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മിക്ക രസീതുകളും കാരണം രേഖപ്പെടുത്തി ക്യാൻസൽ ചെയ്യുന്നതായും കാണുന്നില്ല. ക്യാൻസൽഡ് റിപ്പോട്ടുകൾ അതാത് ദിവസം പ്രിന്റ് എടുത്ത് സെക്രട്ടറിയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സഞ്ചയയുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.12.2019 | നവംബർ 2019 | 30-1-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2014 | 2009-10 മുതൽ 2013-14 വരെ | 20.10.2014 |

## 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ കുറവുകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 204, 205 (എ – കെ), 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുന്ന ഏതൊരാളും അർദ്ധവാർഷിക വരുമാനം അനുസരിച്ച് പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരാണ്. 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി കളക്ഷൻ പരിശോധിച്ചതിൽ കാണുന്ന കുറവുകൾ താഴെ ചേർക്കുന്നു.

1) കരാർ രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാർ 60 ദിവസം ജോലി എടുത്തിട്ടുണ്ടോ എന്നും എ.ഇ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവരിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

.

| ക്രമ നം | കരാറുകാരന്റെ പേര് |
|---|---|
| 1 | ജോയ് കുര്യൻ,കരേടത്ത് |
| 2 | വി.വി.രാജൻ, വാഴേലിപറമ്പിൽ |
| 3 | ജോസ്.കെ.പി, കുന്നപ്പിള്ളി |
| 4 | സിജോ.പി.എൽ, പറേക്കാട്ടിൽ |
| 5 | കെ.കെ.ജേക്കബ്. കരേടത്ത് |
| 6 | സാബു സെബാസ്റ്റ്യൻ, പറേക്കാട്ടിൽ |
| 7 | എം.ജെ.ബേബി, മൂഞ്ഞേലി |
| 8 | ഷിബു ആന്റണി, ക്ലൂരൻകല്ലക്കാരൻ |
| 9 | വി.വി.സന്തോഷ് കുമാർ, വാഴേലി പറമ്പിൽ |
| 10 | ഷാന്റോ ജോസ്, കോണുകുടി |
| 11 | സെബാസ്റ്റ്യൻ പോൾ. കളപ്പറമ്പത്ത് |
| 12 | ജോജോ.എം.കെ, മൈനാട്ടിപ്പറമ്പിൽ |

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ഡ്രൈവിംഗ് സ്കൂളുകൾ, അക്ഷയ സെന്റർ, കമ്പ്യൂട്ടർ സെന്റർ എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറി നം.5/14.12.2021 ന് ലഭിച്ച മറുപടിയിൽ കരാറുകാർക്കും റേഷൻ കട ലൈസൻസികൾക്കും കള്ള് ഷാപ്പ് ലൈസൻസികൾക്കും നികുതി അടക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ നോട്ടീസിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവരിൽ നിന്നെല്ലാം തുക ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഫീ-അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്ററിൽ ചട്ടപ്രകാരം ആവശ്യമായ വിവരങ്ങൾ ചേർക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർക്കുന്നില്ല. മുൻവർഷത്തെ വരവിനനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ തന്നെ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ (ഡിമാന്റിൽ വ്യത്യാസം ഉണ്ടെങ്കിൽ) മാറ്റം വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സാംഖ്യാ അക്കൗണ്ടുകളുടെ പകർപ്പ് സഹിതം അറിയിക്കേണ്ടതുമാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

4.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം വാർഡ് തിരിച്ച് ലൈസൻസ് രജിസ്റ്റർ എഴുതുന്നു എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

5. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/-, 5000/-, 10000/-, 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി

തിരുമാനമെടുത്തിട്ടുണ്ടോ എന്ന അന്വേഷണ കുറിപ്പിന് തിരുമാനം എടുത്ത് ഉടൻ സമർപ്പിക്കുന്നതാണ് എന്നറിയിച്ചു. പരിശോധനയിൽ 200, 300, 400, 500, 1000, 2000, 4000, 5000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ചട്ടത്തിനു വിരുദ്ധമായി കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യവിലോപത്തിനും ഇടയാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയ ലൈസൻസ് തുക സാധൂകരിക്കുന്നതിന് കമ്മിറ്റി തിരുമാനം സമർപ്പിക്കുന്നതാണ് എന്ന മറുപടി തൃപ്തികരമല്ല. നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്രയും വേഗം ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6.ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ മൂലധന നിക്ഷേപം പരിശോധിച്ച് റിപ്പോർട്ട് ചെയ്ത് അതനുസരിച്ച് ലൈസൻസ് ഫീ ഈടാക്കുകയോ ചെയ്യുന്നില്ല. മുൻവർഷം ഈടാക്കിയ ഫീസ് തന്നെ തൻവർഷവും ഈടാക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. അപേക്ഷകളിൽ കൃത്യമായ മൂലധനം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻ അതിന്റെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

7.സ്ഥാപനങ്ങൾക്ക് ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലൈസൻസ് നൽകുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് ലഭിച്ച തുക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി നൽകിയിട്ടില്ല. 2019-20 വർഷം ഇത്തരത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയ സ്ഥാപനങ്ങളുടെ അഡ്വാൻസ് തുകയിൽ നിന്ന് തൻവർഷ വരവിലേക്ക് മാറ്റിയ തുകകളുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

8. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും (1057 കെട്ടിടങ്ങൾ) ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു. 2019-20 ൽ 281 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ എല്ലാ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലും പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി അറിയിക്കേണ്ടതാണ്.

9.പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള 20 അസംബ്ലി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഈ സ്ഥാപനങ്ങളുടെ ലൈസൻസ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

10.പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള 11 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 6 സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16-12-21 ലെ ഓഡിറ്റ് എൻക്വയറി നം 8 ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള മേൽ ഓഡിറ്റ് നിർദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-15 പെർമിറ്റ് രജിസ്റ്റർ- അപാകതകൾ

1. പെർമിറ്റ് രജിസ്റ്റർ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ഇൻവേർഡ് പ്രകാരമുള്ള എല്ലാ ഫയലുകളും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല.

2. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ എല്ലാവിവരങ്ങളും ചേർക്കുന്നില്ല. പല അപേക്ഷകളുടേയും തുടർ നടപടികൾ രേഖപ്പെടുത്തുന്നില്ല. നിർമ്മാണം പൂർത്തീകരിച്ച് നമ്പർ നൽകിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. പല കോളങ്ങളും ഒഴിഞ്ഞു കിടക്കുന്നു.

3. സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള പെർമിറ്റ് ഫീസ് വരവ്, രജിസ്റ്റർ പ്രകാരമുള്ള വരവുമായി പൊരുത്തപെടുത്തുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ആകെ തുക കണക്കാക്കി ഡിസിബി തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉടമയ്ക്ക് നൽകുന്ന ബിൽഡിങ്ങ് പെർമിറ്റിൽ അടവാക്കിയ തുകയും റസീപ്റ്റ് നമ്പറും ചേർക്കുന്നില്ല. സങ്കേതം സോഫ്റ്റ് വെയറിന്റെ അപാകതയായതിനാൽ ഐ കെ എം-നെ അറിയിക്കുന്നതാണ് എന്നറിയിച്ചു. അപാകത പരിഹരിക്കുന്നതുവരെ മാന്വലായി രസീപ്റ്റ് വിവരങ്ങൾ ചേർക്കാവുന്നതാണ്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

5. സങ്കേതം സോഫ്റ്റ് വെയർ പ്രകാരമുള്ള പെർമിറ്റ് രജിസ്റ്ററും മാന്വലായി തയ്യാറാക്കുന്ന പെർമിറ്റ് രജിസ്റ്ററുമായി അപേക്ഷകളുടെ എണ്ണത്തിലും പെർമിറ്റ് ഫീസിലും പൊരുത്തപെടുന്നില്ല. കെ ബി പി ആർ ഭേദഗതിയെ തുടർന്ന് സങ്കേതം സോഫ്റ്റ് വെയർ പ്രവർത്തനരഹിതമായിരുന്നതിനാലാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നറിയിച്ചു. ഈ കാലയളവിൽ സ്വീകരിച്ച അപേക്ഷകളുടെ എണ്ണം കണക്കാക്കി സങ്കേതത്തിലെ എണ്ണവുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

6. റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. റഗുലറൈസേഷൻ രജിസ്റ്റർ ലഭ്യമല്ലാതിരുന്നതിനാലാണ് രജിസ്റ്റർ സൂക്ഷിക്കാതിരുന്നത് എന്ന മറുപടി തൃപ്തികരമല്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-12-21-ലെ ഓഡിറ്റ് എൻക്വയറി നം 10 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചു. പെർമിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിന് സെക്രട്ടറിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും അപാകതകളിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-16 OFC പോസ്റ്റുകളുടെ വാർഷിക വാടകയ്ക്ക് ജി എസ് ടി ഈടാക്കിയില്ല.

തുറവൂർ പഞ്ചായത്തിൽ ഓവർ ഹെഡ് OFC കേബിൾ സ്ഥാപിക്കുന്നതിനായി M/S റിയലൻസ് ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 18-3-2019 ലെ റസീപ്റ്റ് നമ്പർ 11901040002 പ്രകാരം 694713/-രൂപ, പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചത് (ഫയൽ നം A2-2372/19) പ്രകാരം റിസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 618212/- രൂപയും വാർഷിക വാടകയിനത്തിൽ 76500/- രൂപയും ആണ് ഈടാക്കിയിട്ടുള്ളത്.

1. 153 OFC പോസ്റ്റുകൾക്ക് 500/- രൂപ നിരക്കിൽ വാർഷിക വാടകയിനത്തിൽ ഈടാക്കിയ 76500/- രൂപയ്ക്ക് 12% നിരക്കിൽ ജി എസ് ടി ഈടാക്കിയിട്ടില്ല.

2. തുടർ വർഷങ്ങളിൽ വാർഷിക വാടക അടച്ചതായി കാണുന്നില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും പഞ്ചായത്തിൽ വിവിധ വർഷങ്ങളിൽ ഓവർ ഹെഡ് OFC കേബിൾ സ്ഥാപിക്കുന്നതിനായി സ്ഥാപിച്ച പോസ്റ്റുകളുടെ എണ്ണം വിശദാംശങ്ങളടക്കം ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-12-21 ലെ ഓഡിറ്റ് എൻക്വയറി നം 9 ന് നൽകിയ മറുപടി പ്രകാരം ജി എസ് ടി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും തുടർ വർഷങ്ങളിലെ വാർഷിക വാടക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നതായും അറിയിച്ചു.

വാർഷിക വാടകയിനത്തിൽ ഈടാക്കിയ 76500/- രൂപയ്ക്ക് 12% നിരക്കിൽ 9180/-രൂപ ജി എസ് ടി ഈടാക്കി അറിയിക്കേണ്ടതും തുടർ വർഷങ്ങളിൽ വാർഷിക വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ വിവിധ വർഷങ്ങളിൽ ഓവർ ഹെഡ് OFC കേബിൾ സ്ഥാപിക്കുന്നതിനായി സ്ഥാപിച്ച പോസ്റ്റുകളുടെ എണ്ണം വിശദാംശങ്ങളടക്കം ഹാജരാക്കേണ്ടതും വാടക രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്ത് കൃത്യമായ് ഡി സിബി തയ്യാറാക്കി അറിയിക്കേണ്ടതുമാണ്.

## 1-17 റോഡ് പ്രവൃത്തിയിൽ ലഭിച്ച മണ്ണ് ലേലം നടത്തി തുക വരവ് വച്ചിട്ടില്ല.

തുറവൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന കർദിനാൾ ചേരുംകവല റോഡിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിരുന്നു. പ്രവൃത്തി നിർവ്വഹണവേളയിൽ ലഭിച്ച മണ്ണ് സമീപത്തുള്ള ഇൻഫന്റ് ജീസസ് സ്കൂളിൽ നിക്ഷേപിച്ചിരുന്നു. ആയത് ലേലം ചെയ്ത് വില്പനതുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിന്റെ ഭാഗമായി ആയത് അവിടെ തന്നെ ഉണ്ടോ എന്നത് സംബന്ധിച്ച് അങ്കമാലി ബ്ലോക്ക് ഓഫീസിലേക്ക് കത്ത് മുഖേന ആവശ്യപ്പെടാൻ പഞ്ചായത്ത് കമ്മിറ്റി നമ്പർ 7(1) തീ. 20-01-2020 പ്രകാരം തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള മണ്ണിന്റെ അളവ്, മണ്ണ് ലേലം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.1) നല്കിയിരുന്നു. മണ്ണിന്റെ അളവ് പരിശോധിക്കാനായി സ്കൂൾ സന്ദർശിച്ചപ്പോൾ സ്കൂൾ കോംപൌണ്ടിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി മണ്ണ് നികത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ ലേലനടപടികൾ സ്വീകരിക്കാൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡിലെ മരാമത്ത് പ്രവൃത്തിയിൽ ലഭിച്ച മണ്ണ് ലേലം ചെയ്ത് വിൽപ്പനതുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് പകരം ഒരു സ്വകാര്യ സ്കൂൾ കോംപൌണ്ടിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി വിനിയോഗിച്ച നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. സ്കൂൾ അധികൃതർ പ്രസ്തുത മണ്ണ് ഉപയോഗിച്ചതായി ബോധ്യപ്പെട്ടതിനാൽ ഉപയോഗിച്ച മണ്ണിന്റെ വില കണക്കാക്കി സ്കൂൾ അധികൃതരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുള്ളതിൽ സാധനങ്ങൾ വാങ്ങുന്നതിലും വിനിയോഗിക്കുന്നതിലും താഴെ ചേർക്കുന്ന അപാകതകൾ കാണുന്നുണ്ട്.

എ) ടെണ്ടർ നടപടികളിലെ അപാകതകൾ

1. നിർമ്മാണ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ആകെ അടങ്കൽ കണക്കിലെടുക്കാതെ ടെണ്ടർ ക്ഷണിച്ചിരിക്കുന്നു

തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പിന്നീട് ജി.ഒ(എം.എസ്)നം.138/2017/തസ്വഭവ തീയതി 18.07.2017 പ്രകാരം പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും, ജി.ഒ(എം.എസ്)നം.254/2017/തസ്വഭവ തീയതി 15.12.2017 ഉത്തരവ് പ്രകാരം അത് റദ്ദ് ചെയ്യുകയും ആദ്യത്തെ ഉത്തരവ് പ്രാബല്യത്തിലുണ്ടാവുമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് തലത്തിൽ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റിയും സബ് കമ്മിറ്റിയും രൂപീകരിക്കണമെന്നും അർദ്ധവാർഷിക അടിസ്ഥാനത്തിലുള്ള പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി ടെണ്ടർ/ക്വട്ടേഷൻ മുഖേന വാങ്ങണമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നു (വിശദാംശങ്ങൾക്ക് ഉത്തരവ് കാണുക). ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏകദേശം മെറ്റീരിയൽ വില കണക്കാക്കി ആകെ അടങ്കൽ കണക്കാക്കി വേണം ടെണ്ടർ ക്ഷണിക്കാൻ. ആകെ അടങ്കൽ തുക 5 ലക്ഷത്തിൽ അധികരിച്ചാൽ ഇ-ടെണ്ടർ മുഖാന്തിരം വാങ്ങണം. എന്നാൽ ആകെ അടങ്കൽ കണക്കിലെടുക്കാത്തതിനാൽ ഇ-ടെണ്ടർ മുഖേനയല്ല കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്.

2. ആകെ അടങ്കൽ കണക്കിലെടുക്കാത്തതിനാൽ ടെണ്ടർഫോറം വിലയും കുറവായാണ് ഈടാക്കിയിരിക്കുന്നത്. ആകെ അടങ്കൽ പരാമർശിക്കാതെ, ടെണ്ടർ നോട്ടീസിൽ 400/-രൂ+ GST ആണ് ടെണ്ടർഫോറം വിലയായി കാണിച്ചിരിക്കുന്നത് (ഫയൽ നം 1643/19-20 തീയതി 27.05.2019).

3. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പദ്ധതികൾ ഉൾപ്പെടെ എല്ലാ പ്രവൃത്തികൾക്കും മെറ്റീരിയൽ & ലേബർ സപ്ലൈ ചെയ്യുന്നത് ഒറ്റ കരാർ മുഖേനയാണ്. 2019-20 ൽ കരാർ ലഭിച്ചിരിക്കുന്നത് ശ്രീ. സിജോ പി.എൽ എന്ന കരാറുകാരനാണ്. ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യാനാണ് കരാർ നൽകിയിട്ടുള്ളത്.

ഈ വർഷം ആകെ 48,16,651/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിന് തുക നൽകിയിട്ടും അവ കൃത്യമായി സ്ഥാപിക്കുന്നില്ല.

ഓരോ പ്രവൃത്തിക്കുമുള്ള എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുകയും വകയിരുത്തുന്നുണ്ട്. കോഴിക്കൂട്, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ വ്യക്തിഗത പദ്ധതികൾക്ക് 1000/- രൂപയും, റോഡ് പ്രവൃത്തികൾക്ക് 3000/- രൂപയുമാണ് തുക നൽകുന്നത്. മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരൻ തന്നെയാണ് ഇതിനുള്ള തുകയും നൽകിയിരിക്കുന്നത്. ഏതാനും പ്രവൃത്തിസ്ഥലത്ത് നേരിട്ട് പോയി പരിശോധിച്ചപ്പോൾ അവിടെയൊന്നും ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടുള്ളതായി കണ്ടില്ല. ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയുടെ ഭിത്തിയിൽ ഏകദേശം 6 ചതുരശ്ര അടി മഞ്ഞ പ്രതലത്തിൽ കറുത്ത പെയിന്റിൽ പ്രവൃത്തിയുടെ വിവരം എഴുതിയിരിക്കുയാണ് ചെയ്തിരിക്കുന്നത്. ഒരു പ്രവൃത്തി സ്ഥലത്ത് മഞ്ഞ പെയിന്റ് അടിച്ചിട്ടുള്ളതല്ലാതെ ഒന്നും എഴുതിയിട്ടില്ല. കുറഞ്ഞ ചെലവിൽ ചെയ്യാവുന്ന ഈ ഇനത്തിനും 1000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതുവഴി കരാറുകാരന് അനർഹമായ ആനുകൂല്യം ലഭിക്കാനിടവന്നിട്ടുണ്ട്. തൻവർഷം ചെയ്ത മെറ്റീരിയൽ വർക്കുകളുടെ ഇനം തിരിച്ചുള്ള വിവരവും, ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് നൽകിയ തുകയുടെ വിവരവും താഴെ ചേർക്കുന്നു.

.

| 2019-20 | | | | |
|---|---|---|---|---|
| ക്രമ നം | പ്രവൃത്തിയുടെ തരം | എണ്ണം | ഡിസ്പ്ലേ ബോർഡിന് നൽകിയ നിരക്ക് | ഡിസ്പ്ലേ ബോർഡിന് ചെലവായ തുക |
| 1 | ആട്ടിൻ കൂട് നിർമ്മാണം | 43 | 1000 | 43,000 |
| 2 | തൊഴുത്ത് നിർമ്മാണം | 13 | 1000 | 13,000 |
| 3 | കോഴിക്കൂട് നിർമ്മാണം | 46 | 1000 | 46,000 |
| 4 | കമ്പോസ്റ്റ് കുഴി | 4 | 1000 | 4,000 |
| 5 | റോഡ് | 12 | 3000 | 36,000 |
| | | | | 1,42,000 |

സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി – ടി.ഡി.എസ് ഈടാക്കുന്നില്ല

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപക്ക് മുകളിൽ വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2 % തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിൽ അടവാക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസിലൂടെ നടത്തുന്നതുകൊണ്ടും, ജി.എസ്.ടി കുറവ് ചെയ്യാൻ അതിൽ സംവിധാനമില്ലാത്തതിനാലും, അപ്രകാരം ശരിയാകുന്നതുവരെ സപ്ലൈയർ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് അടവാക്കിയെന്ന് ഉറപ്പ് വരുത്തി ബിൽ സെറ്റിൽ ചെയ്യാൻ തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു (30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്ത്). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് 2019-20, 2020-21 വർഷങ്ങളിൽ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരന് മേൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. കരാറുകാരന് നൽകിയിട്ടുള്ള തുകയായ 48,16,651/-രൂപയുടെ 2 % 96,333/-രൂപ ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ പഞ്ചായത്തിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ബി) സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ, ഒരു വർക്കിന് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രകാരമുള്ള തുക കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. എസ്റ്റിമേറ്റിൽ കണക്കാക്കിയിട്ടുള്ള അളവിൽ തന്നെ മെറ്റീരിയൽസ് സപ്ലൈ ചെയ്തതിന് തെളിവായി പാറേക്കാട്ടിൽ കൺസ്ട്രക്ഷൻസ്, ഉറവൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള ബില്ലുകളാണ് ഹാജരാക്കിയിട്ടുള്ളത്.

സി) സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഓരോ വർക്കിനും ഉപയോഗിച്ച സാധനങ്ങളുടെ അളവ് തന്നെ വരവായി രേഖപ്പെടുത്തുന്നു. ഉദാഹരണത്തിന് 2019-20 വർഷം ചെയ്ത വാർഡ് 6 ആട്ടിൻ കൂട് നിർമ്മാണം എന്ന പ്രവൃത്തിക്കുള്ള സാധനങ്ങളുടെ സ്റ്റോക്ക് താഴെ കാണും വിധമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | അളവ് | കൈപ്പറ്റിയ തീയതി | പ്രവൃത്തിക്ക് ഉപയോഗിച്ച തീയതി | വിനിയോഗിച്ച അളവ് | ബാലൻസ് |
|---|---|---|---|---|---|
| Portland Cement | 0.077 T | 03/08/2019 | 03/08/2019 | 0.077 T | Nil |

| | | | | | |
|---|---|---|---|---|---|
| Coarse Sand | 0.071 $M^3$ | 03/08/2019 | 03/08/2019 | 0.071 $M^3$ | Nil |
| Fine Sand | 017 $M^3$ | 03/08/2019 | 03/08/2019 | 017 $M^3$ | Nil |
| Wire Mesh | 12.44 $M^2$ | 03/08/2019 | 03/08/2019 | 12.44 $M^2$ | Nil |
| Wire Nail | 3.111 Kg | 03/08/2019 | 03/08/2019 | 3.111 Kg | Nil |
| Mild Tubes | 84.836 Kg | 03/08/2019 | 03/08/2019 | 84.836 Kg | Nil |

വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുക്കേണ്ടതും, ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- കരാറുകാരന്റെ പിഴവ് മൂലം പൈപ്പ് പൊട്ടിയതിന് തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 121/21-വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| സാങ്കേതികാനുമതി | LSGD/TS/19-20/43680 Dated 14.06.2018 , Rs 11,00,000/- |
| കരാറുകാരന്റെ പേര്, | ശ്രീ. ജോയ് വി |
| കരാർ നം | 56/AE/LSGD/TP/18-19 തീയതി 01.02.2019 |
| അളവ് പുസ്തകം | 770/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

2018-19 ൽ 11,00,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിന് അതേ തുകക്ക് തന്നെ ഭരണാനുമതിയും (15.03.2018 ലെ 11(2) നമ്പർ തീരുമാനം) സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ PWD റോഡിൽ പൈപ്പിടുന്നതിന് റോഡ് റസ്റ്ററേഷൻ ചാർജ്ജ് അടവിന് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ള തുക തികയാതെ വരികയും, പദ്ധതി തുക റിവൈസ് ചെയ്ത് 14,49,990/- രൂപ ആകെ അടങ്കലായി നിശ്ചയിക്കുകയും ചെയ്തു. ഇതിന്റെ നിർവ്വഹണത്തിനായി 01-02-2019 തീയതിയിൽ കരാർ വെച്ചിട്ടുള്ള ശ്രീ. വി.ജോയ് ക്ക് അതേ തീയതിയിൽ തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതായും 13.05.2019 ൽ പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നു. തനത് ഫണ്ട് വകയിരുത്തിയ ഈ പദ്ധതിക്കായി താഴെ പറയും പ്രകാരം ആകെ 13,43,889/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നം, തീയതി | തുക | ചെലവിനം | |
|---|---|---|---|
| 2386960/02.07.2019 | 9,18,993/- | 8,82,233/- | കരാറുകാരന് നൽകിയത് |
| | | 36760 | വിവിധ നികുതികൾ കിഴിച്ചത് |
| 2386957/28.06.2019 | 424896 | 396581/- | PWD Deposit For Road Restoration Works |
| | | 28315/- | നിർമ്മാണ വേളയിൽ ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടി ജലം പാഴാക്കിയതിനുള്ള പിഴ ഇനത്തിൽ ജല അതോറിറ്റിക്ക് നൽകിയ തുക |
| ആകെ ചെലവ് | 13,43,889/- | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. PWD റോഡ് റസ്റ്ററേഷൻ ചാർജ്ജ് കണക്കാക്കി നൽകിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ടി പ്രവൃത്തി കിടങ്ങൂർ - ബത്‌ലേഹം PWD റോഡിൽ Ch.1/160 To 0/680 Km വരെയും, Ch.1/230 To 1/320 വരെയും 1130 M നീളത്തിൽ ഓപ്പൺ ട്രഞ്ച് ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1130 മീ. നീളത്തിൽ എർത്തേൺ ബേമും,

Ch.0/322 Kmൽ 20മീ. BT Loss ഉം, Ch.0/322 KM, Ch.0/680 Km എന്നീ ഭാഗത്ത് BT Cross കട്ടിംഗുമാണ് ചെയ്യേണ്ടതെന്നാണ് സ്ഥല പരിശോധനയിൽ ബോധ്യമായത്." 396581/- രൂപ റസ്റ്ററേഷൻ ചാർജ്ജ് അടവാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് മേൽപ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അളവു പുസ്തകം പ്രകാരം ആകെ 1586.89 മീ. നീളത്തിൽ (പേജ് നം 59) പൈപ്പിട്ടതായി കാണുന്നു . PWD Road 1130 M, കരേടത്ത് ബേബിയുടെ സ്ഥലത്തിനരികിലൂടെ 51.3 മീ എന്നിവ കണക്കിലെടുത്താലും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ നീളവുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/18.12.2021) നൽകിയ മറുപടിയിൽ PWD റോഡ് കൂടാതെ കുറച്ച് ബൈ റോഡുകളിലും, ഗുണഭോക്താക്കളുടെ പ്ലോട്ട് അതിർത്തി വരെയും പൈപ്പ് ലൈൻ ഇട്ടിട്ടുണ്ടെന്നും, അതുകൂടി കണക്കിലെടുക്കുമ്പോൾ ആകെ നീളം 1586.89 മീറ്റർ ആകുമെന്നുമാണ് അറിയിച്ചത്. പൈപ്പ് ലൈൻ എവിടെയൊക്കെ സ്ഥാപിച്ചുവെന്നതിന് വ്യക്തമായ രൂപരേഖ ഉണ്ടാവേണ്ടതാണ്. ഇത് ഭാവിയിൽ വേണ്ടിവന്നേക്കാവുന്ന മെയിന്റനൻസ് പ്രവൃത്തികൾക്കും ഉപകരിക്കുന്നതാണ്. ആയതിനാൽ ഈ ഇറിഗേഷൻ പ്രോജക്റ്റിനായി ജലസ്രോതസ്സിൽ നിന്നും നാളിതുവരെ സ്ഥാപിച്ചിട്ടുള്ള പൈപ്പ്‌ലൈനിന്റെ കൃത്യമായ സ്കെച്ച് തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മേൽ പ്രവൃത്തി നടക്കുന്ന റോഡിലൂടെ ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നുണ്ടെന്നും, ആയതിനാൽ റോഡിന്റെ എതിർ വശത്തോ ഒരു മീറ്റർ മാറിയോ ഇറിഗേഷൻ പൈപ്പ് സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും, ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ കടന്നു പോകുന്ന സ്ഥലം കൃത്യമായി മനസ്സിലാക്കാൻ സംയുക്ത പരിശോധന നടത്തിയതിന് ശേഷം പൈപ്പിടുന്നതാണ് ഉചിതമെന്നും കേരള ജല അതോറിറ്റി അങ്കമാലി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12.02.2019 ലെ DB GL/AGM/1944/2018 നമ്പർ കത്ത് പ്രകാരം ഉറവൂർ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചതായി കാണുന്നു. സംയുക്ത പരിശോധന നടത്തിയിരുന്നോ എന്ന് വ്യക്തമല്ല. എന്നാൽ ഈ പ്രവൃത്തിയുടെ ഭാഗമായി ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടി ജലം പാഴായി എന്നും ആയതിലേക്ക് ഫീസായി 28,315/- രൂപ അടവാക്കാൻ 03.04.2019 ലെ എ/28/Vol II കത്ത് പ്രകാരം ആവശ്യപ്പെട്ടതിനനുസരിച്ച് തുക അടവാക്കിയിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ പിഴവ് മൂലം ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അടവാക്കിയത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/18.12.2021) നൽകിയ മറുപടി താഴെ ചേർക്കുന്നു.

"പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരോട് ഫോണിലൂടെ ബന്ധപ്പെടുകയും, പിന്നീട് നേരിൽ കണ്ട് സൈറ്റ് പരിശോധന നടത്തിയതുമാണ്. പല ഭാഗത്തും റോഡിന്റെ വീതി കുറവായതിനാൽ 1 മീറ്റർ മാറി പൈപ്പ് ഇടാൻ സാധിച്ചില്ല. മേൽ പ്രവൃത്തി നടക്കുന്ന റോഡിലൂടെ ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ നിയമാനുസൃത താഴ്ചയിൽ (1മീറ്റർ) ഇട്ടിട്ടില്ല. അതിനാലാണ് ഈ പ്രവൃത്തിക്കായി പൈപ്പിടാൻ ട്രെഞ്ച് എടുത്തപ്പോൾ ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടിയത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള പിഴവ് മൂലമല്ല ഇത് സംഭവിച്ചത്. ജനങ്ങളുടെ കുടിവെള്ള പ്രശ്നം പെട്ടെന്ന് പരിഹരിക്കുന്നതിനായാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് തുക അനുവദിച്ചത്."

പൈപ്പ് പൊട്ടി ജലം പാഴാക്കിയ വിവരം ഒരു തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും, പിന്നീടും പൈപ്പ് പൊട്ടിച്ച് ജലം പാഴാക്കിയതായും, അതിന്റെ മെയിന്റനൻസിനായി തുക ചെലവഴിക്കേണ്ടി വന്നുവെന്നും അങ്കമാലി ജല അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 03.04.2019 ലെ A/28 Vol II നം കത്തിൽ പറയുന്നുണ്ട്. തുടർന്ന് ഫൈൻ അടക്കാനുള്ള നോട്ടീസ് ലഭിച്ചപ്പോൾ തനതുഫണ്ടിൽ നിന്നും തുക അടവാക്കിയതല്ലാതെ, ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ നിയമാനുസൃത താഴ്ചയിൽ (1 മീറ്റർ) ഇട്ടിട്ടില്ലാത്ത വിവരം യഥാവിധി അവരെ അറിയിക്കുകയോ, ഫൈനിൽ ഇളവ് ആവശ്യപ്പെട്ടതായോ കാണുന്നില്ല. പൈപ്പ് പൊട്ടിയ വിവരം കരാറുകാരൻ യഥാസമയം എഞ്ചിനീയറെ അറിയിച്ചതായും ഫയലിൽ രേഖകളില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ 28,315/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 കറവപശു വിതരണം (വനിത) – അനുവദനീയമായതിലും അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് | നം.33/19-20,കറവപശു വിതരണം(വനിത) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 1485000(പ്ലാൻ)<br>1485000 (ഗുണഭോക്തൃവിഹിതം) |
| ചെലവ്(ബിൽ നം.തീയതി) | 1)247500/-(516610 /29.08.2019)<br>2)247500(chq.2386966/ 29.08.2019) |

മേൽ പ്രോജക്ട് പ്രകാരം 54 പേർക്ക് 55000/-രൂപ വില വരുന്ന പശുക്കളെ വാങ്ങി നൽകിയിരുന്നു. ടി പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി ആനി(മുഞ്ഞേലി(H))ക്ക് പശുവിനെ വിറ്റ ശ്രീ.വിനോജ് ബേബിയുടെ അക്കൗണ്ടിലേക്ക് 55000/- രൂപയാണ് നൽകിയിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിൽപ്പനയുമായി ബന്ധപ്പെട്ട അസ്സൽ രേഖകളിൽ 50,000 രൂപയാണ് വിലയായി രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 കാണുക.

1-21 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് നിയമനം

2019-20 സാമ്പത്തികവർഷത്തിൽ ശ്രീമതി.നിഷാ ബിജുവിന് ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്ന തസ്തികയിൽ നിയമനം നല്കിയതായി കാണുന്നു. 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ ടിയാൾ മേൽ തസ്തികയിൽ ജോലി

ചെയ്തിട്ടുണ്ട്. പ്രതിമാസം 7500/- രൂപ നിരക്കിൽ ടിയാൾക്ക് വേതനം നല്കിയിട്ടുള്ളതായും കാണുന്നു. ഡെയിലി വേജ് എന്നാണ് വൌച്ചറിൽ ഡിസ്ക്രിപ്ഷൻ ആയി രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സ.ഉ.(കൈ)നം. 123/2009/ത.സ്വ.ഭ.വ. തിയതി 02-07-2009) ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് ആയി ക്ലറിക്കൽ ജീവനക്കാരെ പ്രതിദിന ചംക്രമണം അടിസ്ഥാനത്തിൽ നിയോഗിക്കേണ്ടതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇതിന് വിരുദ്ധമായി ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഡെയിലി വേജ് നിരക്കിൽ നിയമനം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു (നമ്പർ 2). പഞ്ചായത്തിലെ ISO സർട്ടിഫിക്കേഷൻ ജോലികളുടെ ഭാഗമായി ഓഫീസ് അസിസ്റ്റന്റിനെ നിയോഗിക്കേണ്ടി വന്നതിനാലാണ് ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളതെന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഫ്രണ്ട് ഓഫീസിൽ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമായി പുതുതായി ഒരു വ്യക്തിക്ക് നിയമനം നല്കിയത് ക്രമപ്രകാരമല്ല. ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം ദിവസ വേതനാടിസ്ഥാനത്തിൽ /കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തേണ്ടതാണ്.

.

1-22 ഹോമിയോ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല.

2019-20 വർഷം പഞ്ചായത്തിൽ വാങ്ങിയ മരുന്നുകളുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്ററിൽ നിരവധി സ്ഥലങ്ങളിൽ സ്റ്റോക്ക് പൂർണ്ണമായി രേഖപ്പെടുത്താത്തതും വ്യത്യാസം ഉള്ളതായും കാണുകയുണ്ടായി. കൂടാതെ രജിസ്റ്ററിൽ മുഴുവൻ ഇനങ്ങളുടേയും നീക്കിയിരിപ്പ് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി വഴി ശ്രദ്ധയിൽപ്പെടുത്തിയ ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.
1. ബുക്ക് നം.9 പേജ് 104 (Natrum Mur6x)
19.5.19-ന് ലഭിച്ച500 Strips,5x500g എന്നിവയോടൊപ്പം നേരത്തെ ലഭിച്ച നീക്കിയിരിപ്പുണ്ടായിരുന്ന 500 Strips,2x500g എന്നിവ ചേർത്തുള്ള നീക്കിയിരിപ്പ് കാണിച്ചിട്ടില്ല.
2. ബുക്ക് നം.9 പേജ് 53.(calcaria Phos6xTB)
19.05.20-ന് നീക്കിയിപ്പായി 13x500gm ഉണ്ടായിരുന്നു.19.5.20,20.07.20 എന്നീദിവസങ്ങളിൽ 500 വീതം സ്ട്രിപ്പുകൾ ലഭിച്ചിരുന്നു. ഇതിൽ 22.8.20,28.12.20 എന്നീ ദിവസങ്ങളിൽ ഉപയോഗിച്ച500 Strips(250x2) കഴിച്ചുള്ള 500 Strips നൊപ്പം 13x500 Gm നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയില്ല.
3. ബുക്ക് നം.9 പേജ് 55.(FerrumPhos6x)
19.5.20-ന് 500strips. 5X500gm, 20.7.20 ലെ 500strips എന്നിവ ലഭിച്ചിരുന്നു. ഇതോടൊപ്പം 22.04.19-ലെ നീക്കിയിരിപ്പ് 1x500 ഒടുവിലെ നീക്കിയിരിപ്പിനൊപ്പം കാണിച്ചിട്ടില്ല.
4. ബുക്ക് നം.9 പേജ് 106(Natrum Phos6x)
19.05.20-ന് ലഭിച്ച10x500gm 23.8.21-ലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ബുക്ക് നം.7 പേജ് 39(carboveg200)
11.9.18-ൽ 1x100 നീക്കിയിരിപ്പുണ്ടായിരുന്നു.2.7.20-ന് 2x100ml ലഭിച്ചിരുന്നു. ഇതോടൊപ്പം നേരത്തെ ഉണ്ടായിരുന്ന (11.9.18-ലെ)നീക്കിയിരിപ്പ് ഉൾപ്പെടുത്തിയില്ല.
6. ബുക്ക് നം.4 പേജ് 17(BlankTablet)
20.7.20-ന് ലഭിച്ച 5 എണ്ണം(5x500gm), മുന്നിരിപ്പുണ്ടായിരുന്ന 15 എണ്ണം ചേർത്ത് 20എണ്ണത്തിൽ 20.7.20 മുതൽ 21.5.21 വരെയുള്ള ഇഷ്യൂ 14x500 കഴിച്ച് ബാക്കി 8 എണ്ണം കാണിച്ചത് ശരിയല്ല.
മേൽ പറഞ്ഞ വിഷയത്തിൽ നൽകിയ 13/17.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആശുപത്രിയിലെ പരിമിതികളും, ജീവനക്കാരുടെ കുറവുമാണ് പരാമർശിച്ചിരുന്നത്. ഇത് പഞ്ചായത്ത് ഭരണസമിതിയുമായി കൂടിയാലോചിച്ച് പരിഹരിക്കേണ്ട വിഷയമാണ്. സ്റ്റോക്കുമായി ബന്ധപ്പെട്ട് മേൽ കാണിച്ച ഏതാനും ന്യൂനതകൾ പരിഹരിച്ചതായി മറുപടിയിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ മുഴുവൻ സ്റ്റോക്കും ഭൗതികമായി പരിശോധിച്ച് നീക്കിയിരിപ്പ് സാക്ഷ്യപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്ന രേഖകളുടെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ സ്റ്റോക്കിന്റെ പരിശോധന നിശ്ചിത ഇടവേളകളിൽ ഓഫീസ് തലവൻ നടത്തി അവ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അടുത്ത ഓഡിറ്റ് വേളയിൽ അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് ഓഡിറ്റ് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കറവപശു വിതരണം (വനിത) – അനുവദനീയമായതിലും അധിക തുക നൽകി.

| | |
|---|---|
| പ്രോജക്ട് | നം.33/19-20,കറവപശു വിതരണം(വനിത) |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

| | |
|---|---|
| അടങ്കൽ | 1485000(പ്ലാൻ)<br>1485000 (ഗുണഭോക്തൃവിഹിതം) |
| ചെലവ്(ബിൽ നം.തീയതി) | 1)247500/-(516610/29.08.2019)<br>2)247500(chq.2386966/ 29.08.2019) |

മേൽ പ്രോജക്ട് പ്രകാരം 54 പേർക്ക് 55000/-രൂപ വില വരുന്ന പശുക്കളെ വാങ്ങി നൽകിയിരുന്നു. ടി പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി ആനി മുഞ്ഞേലി (H) ക്ക് പശുവിനെ വിറ്റ ശ്രീ വിനോജ് ബേബിയുടെ അക്കൗണ്ടിലേക്ക് 55000/- രൂപയാണ് നൽകിയിട്ടുള്ളത്. എന്നാൽ ശ്രീമതി ആനി, വിനോജ് ബേബി എന്നിവർ ഒപ്പു വച്ചിട്ടുള്ള അപേക്ഷ, അസ്സൽ രസീത് വിലച്ചീട്ട് എന്നിവയിലെല്ലാം 50000/-രൂപയാണ് പശുവിന്റെ വിലയായി രേഖപ്പെടുത്തിയത്. യഥാർത്ഥ വില രേഖപ്പെടുത്തിയ മേൽ രേഖകളുടെ അടിസ്ഥാനത്തിൽ വിൽപ്പനക്കാരന് നൽകേണ്ട തുക 50000/-രൂപയിൽ പരിമിതപ്പെടുത്തി നൽകേണ്ടതിന് പകരം 55000/-രൂപ നൽകിയത് അംഗീകരിക്കാവുന്നതല്ല. മേൽപറഞ്ഞ മേൽ വിഷയത്തിൽ നൽകിയ 15/17.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിരുന്നില്ല. സബ്സിഡിയുടെ പരമാവധി തുക 55000/- രൂപയാണെങ്കിലും 50000/- രൂപക്കാണ് വിറ്റതെന്ന് മേൽപറഞ്ഞ രേഖ പ്രകാരം സാക്ഷ്യപ്പെടുത്തിയതിനാൽ സബ്സിഡി തുക പ്രസ്തുത തുകയിൽ പരിമിതപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാത്തതിനാൽ അധികം നൽകിയ 5000/- രൂപയിൽ 2500 രൂപ ബന്ധപ്പെട്ട ശീർഷകങ്ങളിൽ തിരിച്ചടവാക്കേണ്ടതും ശേഷിക്കുന്ന 2500 രൂപ അധികമായി അടവാക്കിയ ഗുണഭോക്താവിന് തിരികെ നൽകേണ്ടതുമാണ്.

## 3-2 വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ- കരാറുകാരന്റെ പിഴവ് മൂലം പൈപ്പ് പൊട്ടിയതിന് തനതു ഫണ്ടിൽ നിന്നും തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 121/21-വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| സാങ്കേതികാനുമതി | LSGD/TS/19-20/43680 Dated 14.06.2018 , Rs 11,00,000/- |
| കരാറുകാരന്റെ പേര്, | ശ്രീ. ജോയ് വി |
| കരാർ നം | 56/AE/LSGD/TP/18-19 തീയതി 01.02.2019 |
| അളവ് പുസ്തകം | 770/18-19 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

2018-19 ൽ 11,00,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന വാർഡ് 12 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിന് അതേ തുകക്ക് തന്നെ ഭരണാനുമതിയും(15.03.2018 ലെ 11(2) നമ്പർ തീരുമാനം) സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ PWD റോഡിൽ പൈപ്പിടുന്നതിന് റോഡ് റസ്റ്ററേഷൻ ചാർജ്ജ് അടവിന് എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ള തുക തികയാതെ വരികയും, പദ്ധതി തുക റിവൈസ് ചെയ്ത് 14,49,990/- രൂപ ആകെ അടങ്കലായി നിശ്ചയിക്കുകയും ചെയ്തു. ഇതിന്റെ നിർവ്വഹണത്തിനായി 01-02-2019 തീയതിയിൽ കരാർ വെച്ചിട്ടുള്ള ശ്രീ. വി.ജോയ് ക്ക് അതേ തീയതിയിൽ തന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതായും 13.05.2019 ൽ പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നു. തനത് ഫണ്ട് വകയിരുത്തിയ ഈ പദ്ധതിക്കായി താഴെ പറയും പ്രകാരം ആകെ 13,43,889/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നം, തീയതി | തുക | ചെലവിനം | |
|---|---|---|---|
| 2386960/02.07.2019 | 9,18,993/- | 8,82,233/- | കരാറുകാരന് നൽകിയത് |
| | | 36760 | വിവിധ നികുതികൾ കിഴിച്ചത് |
| 2386957/28.06.2019 | 424896 | 396581/- | PWD Deposit For Road Restoration Works |
| | | 28315/- | നിർമ്മാണ വേളയിൽ ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടി ജലം പാഴാക്കിയതിനുള്ള പിഴ ഇനത്തിൽ ജല അതോറിറ്റിക്ക് നൽകിയ തുക |
| ആകെ ചെലവ് | 13,43,889/- | | |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. PWD റോഡ് റസ്റ്ററേഷൻ ചാർജ്ജ് കണക്കാക്കി നൽകിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

"ടി പ്രവൃത്തി കിടങ്ങൂർ- ബത്‌ലേഹം PWD റോഡിൽ Ch.1/160 To 0/680 Km വരെയും, Ch.1/230 To 1/320 വരെയും 1130 M നീളത്തിൽ ഓപ്പൺ ട്രഞ്ച് ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. 1130 മീ. നീളത്തിൽ എർത്തേൺ ബേമും, Ch.0/322 Kmൽ 20മീ. BT Loss ഉം, Ch.0/322 KM, Ch.0/680 Km എന്നീ ഭാഗത്ത് BT Cross കട്ടിംഗുമാണ് ചെയ്യേണ്ടതെന്നാണ് സ്ഥല പരിശോധനയിൽ ബോധ്യമായത്." 396581/- രൂപ റസ്റ്ററേഷൻ ചാർജ്ജ് അടവാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് മേൽപ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അളവു പുസ്തകം പ്രകാരം ആകെ 1586.89 മീ. നീളത്തിൽ ( പേജ് നം 59) പൈപ്പിട്ടതായി കാണുന്നു. PWD Road 1130 M, കരേടത്ത് ബേബിയുടെ സ്ഥലത്തിനരികിലൂടെ 51.3 മീ എന്നിവ കണക്കിലെടുത്താലും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ നീളവുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/18.12.2021) നൽകിയ മറുപടിയിൽ PWD റോഡ് കൂടാതെ കുറച്ച് ബൈ റോഡുകളിലും, ഗുണഭോക്താക്കളുടെ പ്ലോട്ട് അതിർത്തി വരെയും പൈപ്പ് ലൈൻ ഇട്ടിട്ടുണ്ടെന്നും, അതുകൂടി കണക്കിലെടുക്കുമ്പോൾ ആകെ നീളം 1586.89 മീറ്റർ ആകുമെന്നുമാണ് അറിയിച്ചത്. പൈപ്പ് ലൈൻ എവിടെയൊക്കെ സ്ഥാപിച്ചുവെന്നതിന് വ്യക്തമായ രൂപരേഖ ഉണ്ടാവേണ്ടതാണ്. ഇത് ഭാവിയിൽ വേണ്ടിവന്നേക്കാവുന്ന മെയിന്റനൻസ് പ്രവൃത്തികൾക്കും ഉപകരിക്കുന്നതാണ്. ആയതിനാൽ ഈ ഇറിഗേഷൻ പ്രോജക്റ്റിനായി ജലസ്രോതസ്സിൽ നിന്നും നാളിതുവരെ സ്ഥാപിച്ചിട്ടുള്ള പൈപ്പ്‌ലൈനിന്റെ കൃത്യമായ സ്കെച്ച് തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

2. മേൽ പ്രവൃത്തി നടക്കുന്ന റോഡിലൂടെ ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ കടന്നു പോകുന്നുണ്ടെന്നും, ആയതിനാൽ റോഡിന്റെ എതിർ വശത്തോ ഒരു മീറ്റർ മാറിയോ ഇറിഗേഷൻ പൈപ്പ് സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും, ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ കടന്നു പോകുന്ന സ്ഥലം കൃത്യമായി മനസ്സിലാക്കാൻ സംയുക്ത പരിശോധന നടത്തിയതിന് ശേഷം പൈപ്പിടുന്നതാണ് ഉചിതമെന്നും കേരള ജല അതോറിറ്റി അങ്കമാലി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 12.02.2019 ലെ DB GL/AGM/1944/2018 നമ്പർ കത്ത് പ്രകാരം ഉറവൂർ പഞ്ചായത്ത് അസിറ്റന്റ് എഞ്ചിനീയറെ അറിയിച്ചതായി കാണുന്നു. സംയുക്ത പരിശോധന നടത്തിയിരുന്നോ എന്ന് വ്യക്തമല്ല. എന്നാൽ ഈ പ്രവൃത്തിയുടെ ഭാഗമായി ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടി ജലം പാഴായി എന്നും ആയതിലേക്ക് ഫീസായി 28,315/- രൂപ അടവാക്കാൻ 03.04.2019 ലെ എ/28/Vol II കത്ത് പ്രകാരം ആവശ്യപ്പെട്ടതിനനുസരിച്ച് തുക അടവാക്കിയിട്ടുണ്ട്. കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ പിഴവ് മൂലം ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അടവാക്കിയത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/18.12.2021) നൽകിയ മറുപടി താഴെ ചേർക്കുന്നു.

"പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരോട് ഫോണിലൂടെ ബന്ധപ്പെടുകയും, പിന്നീട് നേരിൽ കണ്ട് സൈറ്റ് പരിശോധന നടത്തിയതുമാണ്. പല ഭാഗത്തും റോഡിന്റെ വീതി കുറവായതിനാൽ 1 മീറ്റർ മാറി പൈപ്പ് ഇടാൻ സാധിച്ചില്ല. മേൽ പ്രവൃത്തി നടക്കുന്ന റോഡിലൂടെ ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ നിയമാനുസൃത താഴ്ചയിൽ (1 മീറ്റർ) ഇട്ടിട്ടില്ല. അതിനാലാണ് ഈ പ്രവൃത്തിക്കായി പൈപ്പിടാൻ ട്രെഞ്ച് എടുത്തപ്പോൾ ജല അതോറിറ്റിയുടെ പൈപ്പ് പൊട്ടിയത്. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള പിഴവ് മൂലമല്ല ഇത് സംഭവിച്ചത്. ജനങ്ങളുടെ കുടിവെള്ള പ്രശ്നം പെട്ടെന്ന് പരിഹരിക്കുന്നതിനായാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് തുക അനുവദിച്ചത്."

പൈപ്പ് പൊട്ടി ജലം പാഴാക്കിയ വിവരം ഒരു തവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടും, പിന്നീടും പൈപ്പ് പൊട്ടിച്ച് ജലം പാഴാക്കിയതായും, അതിന്റെ മെയിന്റനൻസിനായി തുക ചെലവഴിക്കേണ്ടി വന്നുവെന്നും അങ്കമാലി ജല അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 03.04.2019 ലെ A/28 Vol II നം കത്തിൽ പറയുന്നുണ്ട്. തുടർന്ന് ഫൈൻ അടക്കാനുള്ള നോട്ടീസ് ലഭിച്ചപ്പോൾ തനതുഫണ്ടിൽ നിന്നും തുക അടവാക്കിയതല്ലാതെ, ജല അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈൻ നിയമാനുസൃത താഴ്ചയിൽ (1 മീറ്റർ) ഇട്ടിട്ടില്ലാത്ത വിവരം യഥാവിധി അവരെ അറിയിക്കുകയോ, ഫൈനിൽ ഇളവ് ആവശ്യപ്പെട്ടതായോ കാണുന്നില്ല. പൈപ്പ് പൊട്ടിയ വിവരം കരാറുകാരൻ യഥാസമയം എഞ്ചിനീയറെ അറിയിച്ചതായും ഫയലിൽ രേഖകളില്ല. ആയതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ 28,315/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2019 ലെ മുന്നിരിപ്പ് | 2019-2020ൽ ലഭിച്ച തുക | ആകെ | പ്രൊജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്(320700204) | 2019-20 | - | 4000000 | 4000000 | ലൈഫ് ഭവനം -ജനറൽ (26/20) | 160000 | 3840000 |
| ബ്ലോക്ക് പഞ്ചായത്ത്(160300102 | 2019-20 | - | 400000 | 400000 | ഭിന്നശേഷി സ്കോളർഷിപ്പ്(4/20) | 400000 | 0 |
| | ആകെ | | 4400000 | 4400000 | | 560000 | 3840000 |
| ജില്ലാ പഞ്ചായത്ത്(320 700 205) | 2018-19 | 1040000 | 0 | 1040000 | ലൈഫ് ഭവനം -ജനറൽ (130/20) | 1040000 | 0 |
| ജില്ലാ പഞ്ചായത്ത്( 160300101 ) | 2019-20 | - | 455800 | 455800 | ഭിന്നശേഷി സ്കോളർഷിപ്പ്(4/20) | 455800 | - |
| | ആകെ | 1040000 | 455800 | 1495800 | | 1495800 | - |

320700404 ഹെഡിൽ നീക്കിയിരപ്പ് ഉണ്ടായിരുന്ന 360000/- രൂപ വൌച്ചർ നം 21901196 തീ 11-03-2020 പ്രകാരം തിരികെ അടച്ചിട്ടുള്ളതാണ്.മേൽ ചെലവുകളിൽ ജില്ലാപഞ്ചായത്ത് 455800 രൂപയും ബ്ലോക്ക് പഞ്ചായത്ത് 4,00,000 രൂപയും നേരിട്ട് ചെലവഴിച്ചു.

.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നം 167 ) | 21900478, 21900546, 21900634, 21900765, 21900836, 21901185 | 83174 | 0 | 83174 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21901259 തീ 6-11-21 | 640000 | 0 | 640000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Nഹൈ്ഭവന വായ്പ – ലൈഫ് | സർക്കാർ ഉത്തരവ് എം എസ് നം 68/18 തി 18.05.2018 | 5345345 | 4105345+1240000(തൻവർഷ വരവ്)=5345345 | 676471 | - | 4668874 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 57,34,724 |
| തൻവർഷം നിക്ഷേപിച്ച തുക | 4,45,606 |
| ആകെ | 61,80,330 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 61,80,330 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | തുറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 11.02.2020 | 6 മാസം | 30,90,165 | - |
| 2 | തുറവൂർ സർവ്വീസ് സഹകരണ ബാങ്ക് | 11.02.2020 | 6 മാസം | 30,90,165 | |
| | ആകെ | | | 61,80,330 | |

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 1997-1998 | 24(B) | 482 | വി പി മത്തായി | 119010101011 തീയതി 31.5.2019 |
| 1991-92 | 19 | 485 | പി വി പാപ്പച്ചൻ | 119010101020 തീയതി 1.6.2019 |
| 2004-05 | 3(25) | 256 | ജയരാജ് ടി | 119010101012 തീയതി 31.5.2019 |
| 2018-2019 | 3-1 | 1609 | അനപ്രിയ ആർ | 119010105724 തീയതി 27.02.2020 |
| 1999-2000 | 2-11 | 128 | സെക്രട്ടറി , തുറവൂർ ഗ്രാമപഞ്ചായത്ത് | 119010101023 തീയതി 1.6.2019 |
| 1997-1998 | 26 | 217 | സെക്രട്ടറി , തുറവൂർ ഗ്രാമപഞ്ചായത്ത് | 119010101012 തീയതി 31.5.2019 |
| | ആകെ | 3177 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60146375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57947259 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33315 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-19 | | 28315 | ശ്രീമതി. അനപ്രിയ ആർ അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 1-20 | | 5000 | ഡോ. പ്രിയ മാത്യു, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനപ്രിയ ആർ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി വിഭാഗം, ഉറവൂർ ഗ്രാമപഞ്ചായത്ത് | ചാറ്റുപ്പേലിൽ വീട്, മേക്കാവ് പി ഒ, വാപ്പാലശ്ശേരി |
| ഡോ. പ്രിയ മാത്യു, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഉറവൂർ പഞ്ചായത്ത് | തെക്കേക്കര വീട്, കിടങ്ങൂർ പി.ഒ. അങ്കമാലി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1978-79 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1979-80 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1980-81 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1981-82 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1982-83 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1983-84 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1984-85 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1985-86 | എൽ.എഫ്.ഇ(പി-5)1327/1989/തീയ്യതി 19/9/1989 |
| 1986-87 | എൽ.എഫ്.ഇ(പി-5)1327/1989/തീയതി 19/9/1989 |
| 1987-88 | എൽ.എഫ്.ഇ(പി-5)178/1992/തീയതി 14/1/1992 |
| 1988-89 | എൽ.എഫ്.ഇ(പി-5)2757/1992/തീയതി 5/2/1994 |
| 1989-90 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1990-91 | എൽ.എഫ്.ഇ(പി-5)1114/1993/തീയതി 4/1/1994 |
| 1992-93 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1993-94 | എൽ.എഫ്.ഇ(പി-5)695/1995/തീയതി 16/2/1998 |
| 1996-97 | എൽ.എഫ്.ഇ(പി-4)720/2008/തീയതി 3/3/1999 |
| 1997-98 | എൽ.എഫ്.ഇ(പി-4)1220/2001/തീയതി 15/5/2002 |
| 1998-99 | എൽ.എഫ്.ഇ(പി-4)384/03/തീയതി 21/8/2003 |
| 1999-2000 | എൽ.എഫ്.ഇ(പി-4)1673/03/തീയതി 1/7/2004 |
| 2000-01 | എൽ.എഫ്.ഇ(പി-4)1297/04/തീയതി 18/4/2005 |
| 2001-02 വരവ് | എൽ.എഫ്.ഇ(പി-4)1298/04/തീയതി 11/4/2005 |

| | |
|---|---|
| 2001-02 പദ്ധതിചെലവ് | എൽ.എഫ്.ഇ(പി-4)502/04/തീയതി 4/6/2004 |
| 2002-03 | എൽ.എഫ്.ഇ(പി-4)1299/04/തീയതി 11/4/2005 |
| 2003-04 | എൽ.എഫ്.ഇ(പി-4)1675/08/തീയതി 30/5/2009 |
| 2004-05 | എൽ.എഫ്.ഇ(പി-4)201/07/തീയതി 13/3/2007 |
| 2006-07 | എൽ.എഫ്.ഇ(പി-4)1676/08/തീയതി 30/5/2009 |
| 2007-08 | എൽ.എഫ്.ഇ(പി-4)1078/09/തീയതി 24/11/2009 |
| 2008-09 | എൽ.എഫ്.ഇ(പി-4)842/12/തീയതി 19/7/2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)843/12/തീയതി 19/7/2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)844/12/തീയതി 19/7/2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ(പി-4)1012/14/തീയതി 27/8/2014 |
| 2013-14& 2014-15 | കെ.എസ്.എ-ഇ.കെ.എം(പി.4എ)13/2016 തീയതി.21/1/2016 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.4)2144/2016 തീയതി.08/02/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.4)1246/2017 തീയതി.21/07/2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി.4)2043/2018 തീയതി. 02/11/2018 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.4)3/2020 തീയതി. 16/01/2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്